നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

123(2759) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലക്കയറ്റം തടയുന്നതിനായി 2014-15 വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് അനുവദിച്ചിരുന്നത്; അതിൽ എത്ര ചെലവഴിച്ചു; എന്തിനെല്ലാം ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) ഉപഭോക്താക്കളിൽ നിന്നും അമിത വില ഈടാക്കിയതിനും മറ്റുമായി ഈ സർക്കാർ എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചു; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) ചില സാധനങ്ങൾക്ക് നേരിയ തോതിലുള്ള വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 65 കോടി രൂപയ്ക്ക് പുറമേ അഞ്ച് കോടി രൂപ കൂടി (ആകെ 70 കോടി രൂപ) വിപണിയിടപെടലിനായി സപ്ലൈകോയ്ക്ക് അനുവദിച്ചിരുന്നു. പ്രസ്തുത തുക മുഴുവനും സപ്ലൈകോ ചെലവഴിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ വിപണിയിടപെടൽ പദ്ധതിക്കായി 240.42 കോടിയും, 2014 ഓണക്കാലത്ത് ബി.പി.എൽ. കിറ്റ് വിതരണത്തിന് 11.87 കോടി രൂപയും, 2014 ഓണക്കാലത്ത് സ്പെഷ്യൽ പഞ്ചസാര വിതരണത്തിന് 5.49 കോടി രൂപയും ചേർത്ത് ആകെ 257.78 കോടി രൂപയാണ് ഈ ഇനത്തിൽ സപ്ലൈകോ ചെലവഴിച്ചത്.

(സി) അമിത വില ഈടാക്കിയതിന്റെ പേരിൽ തൃശ്ശൂർ ജില്ലയിൽ 3 പരാതികളും, തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളിൽ ഓരോ പരാതിയും ലഭിച്ചിരുന്നു ആയതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ അമിത വില ഈടാക്കിയതിന്റെ പേരിൽ 119 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ അമിതവില ഈടാക്കിയതിന്റെ പേരിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly